**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1602** **31-08-2022 - ൽ മറുപടിയ്ക്ക്**

**കർഷക ക്ഷേമനിധി പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ്,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. റോജി എം. ജോൺ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കേരള സംസ്ഥാന കർഷക ക്ഷേമനിധി ബോർഡ് നിലവിൽ വന്നത് എന്നാണെന്ന് അറിയിക്കുമോ; പ്രസ്തുത ബോർഡ് മുഖേന കർഷകർക്ക് അയ്യായിരം രൂപ പെൻഷൻ നൽകുമെന്ന പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ പെൻഷൻ നൽകുന്നതിനുള്ള വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | 2020 ഒക്ടോബർ 14 നാണ് കേരള കർഷക ക്ഷേമനിധി ബോർഡ് നിലവിൽ വന്നത്. അഞ്ചു വർഷത്തിൽ കുറയാതെ അംശദായം അടക്കുകയും, ക്ഷേമനിധിയിൽ കുടിശ്ശിക ഇല്ലാതെ 60 വയസ്സ് പൂർത്തീകരിക്കുകയും ചെയ്ത കർഷകർക്ക്; ഒടുക്കിയ അംശദായത്തിന്റെയും ഒടുക്കിയ കാലയളവിന്റെയും ആനുപാതികമായി സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ഒരു തുക പ്രതിമാസ പെൻഷനായി ലഭിക്കുന്നതാണ്. |
| (ബി) | നാളിതുവരെ എത്ര കർഷകർ പ്രസ്തുത ക്ഷേമനിധി ബോർഡിൽ അംഗങ്ങൾ ആയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; എത്ര അംഗങ്ങൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ; | (ബി) | നാളിതുവരെ 13020 കർഷകർ കേരള കർഷക ക്ഷേമനിധി ബോർഡിൽ അംഗങ്ങളായി ചേർന്നിട്ടുണ്ട് (22/08/2022 പ്രകാരം).<br><br>ക്ഷേമനിധി പദ്ധതിയിൽ ചേർന്ന് 5 വർഷത്തിൽ കുറയാതെ അംശദായം അടയ്ക്കുന്ന അംഗങ്ങൾക്കാണ് ആനുകൂല്യത്തിനു അർഹതയുള്ളത്. അംഗത്വ രജിസ്ട്രേഷൻ ആരംഭിച്ചിട്ടുള്ളത് 2021 ഡിസംബർ ഒന്നാം തിയ്യതി മുതലാണ്. പദ്ധതിയിൽ ചേർന്ന് 5 വർഷം പൂർത്തീകരിക്കാത്തതിനാൽ ആനുകൂല്യം നല്കാറായിട്ടില്ല. |
| (സി) | കർഷക ക്ഷേമനിധി വകുപ്പ് നിയമത്തിലെ പതിനെട്ടാം വകുപ്പ് പ്രകാരം കർഷക ക്ഷേമനിധി സ്റ്റാമ്പ് പുറത്തിറക്കിയിട്ടുണ്ടോ; എങ്കിൽ എത്ര രൂപ മൂല്യമുള്ള സ്റ്റാമ്പാണ് പുറത്തിറക്കിയിട്ടുള്ളതെന്നും പ്രസ്തുത സ്റ്റാമ്പ് മുഖേന നാളിതുവരെ എത്ര തുക സമാഹരിക്കാൻ സാധിച്ചിട്ടുണ്ടെന്നും അറിയിക്കുമോ; | (സി) | കർഷക ക്ഷേമനിധി സ്റ്റാമ്പ് പുറത്തിറക്കിയിട്ടില്ല.<br><br>സർക്കാരിന്റെ മുൻകൂർ അനുമതിയോട് കൂടി ബോർഡ് തീരുമാനിക്കുന്നതും അൻപത് രൂപയിൽ കവിയാത്തതുമായ മൂല്യമുള്ളതും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രൂപത്തിലും അങ്ങനെയുള്ള രീതിയിലുമുള്ളതും "കേരള കർഷക ക്ഷേമനിധി സ്റ്റാമ്പ്" എന്ന് മുദ്രണം ചെയ്തിട്ടുള്ളതുമായ സ്റ്റാമ്പുകൾ സർക്കാർ പ്രസ്സിൽ അച്ചടിപ്പിക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| | | | ബോർഡിന്റെ ശിപാർശയിന്മേൽ സർക്കാർ നിശ്ചയിക്കുന്ന പ്രകാരം സർക്കാരിന്റെ വിവിധ ഓഫീസുകളിലോ സ്ഥാപനങ്ങളിലോ സമർപ്പിക്കേണ്ട നിശ്ചിത തരം അപേക്ഷകൾ, അങ്ങനെയുള്ള ആഫീസുകളിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ നൽകുന്ന നിശ്ചിത തരം സർട്ടിഫിക്കറ്റുകൾ, രേഖകൾ, മറ്റ് പ്രമാണങ്ങൾ എന്നിവയിൽ കർഷക ക്ഷേമനിധി സ്റ്റാമ്പ് പതിക്കണമെന്ന് ഉത്തരവ് വഴി സർക്കാരിന് നിർദ്ദേശം നൽകാവുന്നതാണ്.<br><br>ഈ വകുപ്പ് പ്രകാരം അച്ചടിച്ച സ്റ്റാമ്പുകൾ ബോർഡിന്റെ അധീനതയിൽ ആയിരിക്കേണ്ടതും, സ്റ്റാമ്പിന്റെ വിതരണവും വില്പനയും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ ആയിരിക്കേണ്ടതുമാണ് എന്ന് ആക്ട് നിഷ്കർഷിക്കുന്നു. |
| (ഡി) | പ്രസ്തുത സ്റ്റാമ്പിന്റെ വിതരണവും വില്പനയും സംബന്ധിച്ച് എന്തൊക്കെ വ്യവസ്ഥകളാണ് രൂപീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ഡി) | കർഷക ക്ഷേമനിധി സ്റ്റാമ്പ് പുറത്തിറക്കിയിട്ടില്ല.<br><br>സർക്കാരിന്റെ മുൻകൂർ അനുമതിയോട് കൂടി ബോർഡ് തീരുമാനിക്കുന്നതും അൻപത് രൂപയിൽ കവിയാത്തതുമായ മൂല്യമുള്ളതും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രൂപത്തിലും അങ്ങനെയുള്ള രീതിയിലുമുള്ളതും "കേരള കർഷക ക്ഷേമനിധി സ്റ്റാമ്പ്" എന്ന് മുദ്രണം ചെയ്തിട്ടുള്ളതുമായ സ്റ്റാമ്പുകൾ സർക്കാർ പ്രസ്സിൽ അച്ചടിപ്പിക്കാവുന്നതാണ്.<br><br>ബോർഡിന്റെ ശിപാർശയിന്മേൽ സർക്കാർ നിശ്ചയിക്കുന്ന പ്രകാരം സർക്കാരിന്റെ വിവിധ ഓഫീസുകളിലോ സ്ഥാപനങ്ങളിലോ സമർപ്പിക്കേണ്ട നിശ്ചിത തരം അപേക്ഷകൾ, അങ്ങനെയുള്ള ആഫീസുകളിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ നൽകുന്ന നിശ്ചിത തരം സർട്ടിഫിക്കറ്റുകൾ, രേഖകൾ, മറ്റ് പ്രമാണങ്ങൾ എന്നിവയിൽ കർഷക ക്ഷേമനിധി സ്റ്റാമ്പ് പതിക്കണമെന്ന് ഉത്തരവ് വഴി സർക്കാരിന് നിർദ്ദേശം നൽകാവുന്നതാണ്.<br><br>ഈ വകുപ്പ് പ്രകാരം അച്ചടിച്ച സ്റ്റാമ്പുകൾ ബോർഡിന്റെ അധീനതയിൽ ആയിരിക്കേണ്ടതും, സ്റ്റാമ്പിന്റെ വിതരണവും വില്പനയും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ ആയിരിക്കേണ്ടതുമാണ് എന്ന് ആക്ട് നിഷ്കർഷിക്കുന്നു. |

സെക്ഷൻ ഓഫീസർ